# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3734 | 11.11.2019- ൽ മറുപടിയ്ക്ക്

## പ്രവാസി ലാഭവിഹിത പദ്ധതി

| ചോദ്യം<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>,, കെ. ദാസൻ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) | പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നോർക്ക റൂട്ട്സ് മുഖേന ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്<br>2. പ്രവാസി നിയമസഹായ പദ്ധതി (PLAC)<br>3. ലോകകേരള സഭ<br>4. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി<br>5. മാവേലിക്കരയിൽ ലോക കേരള കേന്ദ്രം<br>6. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം<br>7. ഒമാൻ എയർവേയ്സുമായി സഹകരിച്ച് നോർക്ക തിരിച്ചറിയൽ കാർഡുള്ളവർക്കും കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ 7% ഇളവ്.<br>8. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)<br>9. നോർക്ക എമർജൻസി റിപാട്രിയേഷൻ സ്കീമിന്റെ ഉപപദ്ധതിയായി നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം. |
| ബി) | ഈ രംഗത്ത് പ്രവാസി ക്ഷേമബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നടത്തി വരുന്ന പ്രവർത്തനങ്ങൾ താഴെ പറയുന്നു.<br>2017 സെപ്റ്റംബർ മാസം മുതൽ കേരള പ്രവാസി ക്ഷേമനിധിയിലെ എല്ലാ അംഗങ്ങൾക്കും കാറ്റഗറി വ്യത്യാസമില്ലാതെ 2000/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. പ്രവാസികൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ പ്രവാസി ക്ഷേമ നിധി രജിസ്ട്രേഷനും അംശദായ അടവിനും 20.12.2016 മുതൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായി പ്രവാസി ഡിവിഡന്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| സി) | പ്രവാസികൾക്കായി ഏർപ്പെടുത്തിയ പ്രവാസി ലാഭവിഹിത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | സി) | പ്രവാസി ഡിവിഡന്റ് പദ്ധതി സർക്കാർ അംഗീകരിച്ച് 02/09/2019-ലെ എസ്.ആർ.ഒ. 650/2019 നമ്പരായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു. |
| ഡി) | പ്രസ്തുത പദ്ധതിയിലൂടെ കിഫ്ബിയിലേക്ക് എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ; | ഡി) | ഇപ്പോൾ കണക്കാക്കിയിട്ടില്ല. |
| (ഇ) | പ്രവാസി ലാഭവിഹിത പദ്ധതിയ്ക്കായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഇ) | ഓൺലൈൻ രജിസ്ട്രേഷൻ ഇതുവരെ ആരംഭിച്ചിട്ടില്ല. പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള സാങ്കേതികവും ഭരണപരവുമായ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ